## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *104 — 13.06.2013-ൽ മറുപടിയ്ക്ക്

## തലസ്ഥാനത്ത് മോണോറെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി. ജോർജ്<br>„ കെ. മുരളീധരൻ<br>„ എം.എ.വാഹിദ്<br>„ ആർ. സെൽവരാജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;<br><br>(ബി) ഈ പദ്ധതിയുടെ നടത്തിപ്പും ചുമതലയും ആർക്കാണ് നൽകിയിരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(സി) ഈ പദ്ധതിയുടെ സാദ്ധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ഡി) ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | **(എ),(ബി),(സി)&(ഡി):**<br><br>തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ നാട്പാകിനെ ചുമതലപ്പെടുത്തുകയുണ്ടായി. സാദ്ധ്യതാ പഠനത്തിന് ശേഷം, ടെക്നോസിറ്റി മുതൽ നെയ്യാറ്റിൻകര വരെ രണ്ട് ഘട്ടമായി, പദ്ധതി നടപ്പാക്കുന്നതിന് നാട്പാക് ശുപാർശ ചെയ്തു. തുടർന്ന് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തുകയും അവർ അത് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെ 22.2 കി.മീ. ദൈർഘ്യത്തിൽ നിലവിലുള്ള ദേശീയപാതയുടെ മധ്യഭാഗത്തുകൂടി ഏകദേശം 5.5 മീറ്റർ ഉയരത്തിൽ എലിവേറ്റഡ് കോറിഡോർ മാതൃകയിലാണ് മോണോറെയിൽ വിഭാവനം ചെയ്തിട്ടുള്ളത്. സ്റ്റേഷനുകളുടെ എണ്ണം 19 ആയിരിക്കും. 30.05.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 44/2013/പൊ.മ.വ. പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അവരുമായി ഒപ്പ് വയ്ക്കേണ്ട കരട് കരാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ